## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3816

### 21/06/2019 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യ ക്ഷേമ പെൻഷനുകൾ

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

**മറുപടി**

ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് നൽകിവരുന്ന ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം 1000 രൂപയായും തുടർന്ന് അത് 1100 രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാ വർഷവും വർദ്ധിപ്പിക്കുന്നതാണെന്ന സർക്കാർ നയത്തിന്റെ ഭാഗമായി 1100 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 2019 ഏപ്രിൽ മുതൽ 100 രൂപ വർദ്ധിപ്പിച്ച് 1200 രൂപയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ 01/04/2017 മുതൽ 1100 രൂപയായും 01/04/2019 മുതൽ 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് ഇതിനേക്കാൾ ഉയർന്ന നിരക്കിൽ പെൻഷൻ നൽകി വരുന്ന സ്വയം പര്യാപ്ത ക്ഷേമനിധി ബോർഡുകൾക്ക് ഉയർന്ന നിരക്കിൽ പെൻഷൻ നൽകുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | ക്ഷേമ പെൻഷനുകൾ ഏകീകരിയ്ക്കുന്നതിന് സർക്കാർ ആലോചിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | ക്ഷേമ പെൻഷനുകൾ ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ